# പതിമൂന്നാം കേരള നിയമ സഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 661 02 -12- 2014-ൽ മറുപടിക്ക്.

### കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

( വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങൾ മുഖേന വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാകുന്ന സാഹചര്യത്തിൽ പഞ്ചായത്ത് / നഗര പ്രദേശങ്ങളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു പഞ്ചായത്തിൽ പരമാവധി 4 അക്ഷയ കേന്ദ്രങ്ങൾ വരേയും, മുനിസിപ്പാലിറ്റിയിൽ 6 വരെയും, കോർപ്പറേഷനിൽ കുടുംബങ്ങളുടെ എണ്ണം അനുസരിച്ചും, ആവശ്യപ്പെടുന്ന പ്രകാരം അക്ഷയ സെന്ററുകൾ അനുവദിച്ചു വരുന്നു. എന്നാൽ രണ്ട് അക്ഷയ സെന്ററുകൾ തമ്മിലുള്ള അകലം 2km വേണം എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ആവശ്യമായ സെൻററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | അക്ഷയ കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സേവനങ്ങൾക്കുള്ള ഫീസ് ഏകീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (ബി) | അക്ഷയ കേന്ദ്രങ്ങൾ വഴി നല്കുന്ന സേവനങ്ങൾക്കുള്ള ഫീസ് ഏകീകരിച്ച് നല്കിയിട്ടുണ്ട്. ഫീസ് സംബന്ധിച്ച വിശദാംശങ്ങൾ അക്ഷയ സെന്ററുകളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ